## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.229 — 15.07.2016-ൽ മറുപടിയ്ക്ക്

### ശുദ്ധജല വിതരണ മേഖല വിപുലീകരിയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ.ജോർജ് എം.തോമസ് : | മാത്യൂ. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഗുണനിലവാരം ഉറപ്പു വരുത്തിയ കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് നിലവിലുള്ള ജല വിതരണ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ ഗുണനിലവാരമുള്ള കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശുദ്ധജലവിതരണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത്. ഇതിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ശുദ്ധജലലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. ഇപ്രകാരം എല്ലാ ജനങ്ങൾക്കും ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയ കുടിവെള്ളം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ധന ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുക, വിതരണ ശൃംഖല വിപുലീകരിക്കുക തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. |
| ബി ശുദ്ധജല വിതരണം ഫലപ്രദമായി നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപടികൾ ആരംഭിക്കുമോ; | ബി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾക്കാവശ്യമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജലഅതോറിറ്റിയ്ക്ക് കൈമാറുന്നത്. പദ്ധതി രൂപകൽപ്പന നടത്തുമ്പോഴും, നിർമ്മാണ |

പ്രവർത്തനങ്ങൾ നടത്തുമ്പോഴും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത്. കൂടാതെ നിലവിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പദ്ധതികൾ പരിശോധിച്ച് അനുയോജ്യമായവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ട്. ടി സ്ഥാപനങ്ങളുടെ സഹായത്തോടെ ആണ് ഇത് നടപ്പിലാക്കുന്നത്.

സി കേരള വാട്ടർ അതോറിറ്റിയുടെ, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി ശുദ്ധജല വിതരണ മേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

സി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നിർമ്മാണം നടന്നു വരുന്ന കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കി ശുദ്ധജലവിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി വിവിധ വിഭാഗങ്ങളിൽപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾക്ക് ധനലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി സംബന്ധിച്ച് അവലോകന യോഗങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ